# പാവങ്ങൾ - വിക്ടർ ഹ്യൂഗോ,

## വിവ: നാലപ്പാട്ട് നാരായണമേനോൻ

### പാഠഭാഗത്തെ ചോദ്യങ്ങളും ഉത്തരങ്ങളും

**1. മെത്രാൻ പറഞ്ഞു: നിങ്ങൾ സമാധാനത്തോടു കൂടി പോവുക. കൂട്ടത്തിൽ പറയട്ടെ, എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരികയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്ക നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല. മെത്രാന്റെ ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്?**

കാലദേശാദിപരിമിതികൾ മറിക്കടന്ന് സാഹിത്യം സാമൂഹികാവസ്ഥകളുടെ ഏകസ്വരമായി മാറുന്നു എന്നതിന്റെ അനുഭവസാക്ഷ്യമാണ് വിക്ടർ ഹ്യൂഗോയുടെ "പാവങ്ങൾ" എന്ന കൃതി. വിധവയായ സഹോദരിയുടെ മക്കൾക്കു വേണ്ടി ഒരു റൊട്ടി മോഷ്ടിച്ചതിന് പത്തൊൻപത് വർഷം ജയിൽ ശിക്ഷ അനുഭവിച്ച ആളാണ് ഴാങ് വാൽ ഴാങ്. ജയിൽ മോചിതനായ അയാൾക്ക് ആരും അഭയം കൊടുത്തില്ല.ഒടുവിൽ ഡി പട്ടണത്തിലെ മെത്രാനാണ് അദ്ദേഹത്തിന് അഭയം നൽകുന്നത്.

സാഹചര്യങ്ങളാണ് ഒരാളെ കുറ്റവാളിയാക്കി മാറ്റുന്നത്. വേണ്ടത്ര സ്നേഹവും പരിഗണനയും നൽകിയാൽ ഒരു വ്യക്തിയെ സന്മാർഗത്തിലേക്ക് നയിക്കാൻ കഴിയുന്നമെന്ന് മെത്രാൻ കാണിച്ചു തരുന്നു. ഏതൊരാളെയും തുറന്ന മനസ്സാലെ സ്വീകരിക്കാൻ കഴിയുമ്പോഴാണ് നാം മനുഷ്യരാവുന്നത്. " ഞാൻ ആ വെള്ളി സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടില്ല. അതു പാവങ്ങളുടേയാണ് "- എന്നാണ് മെത്രാൻ പറയുന്നത്.മാനുഷിക നന്മയിൽ ഊന്നിയ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇത്തരം ഭൗതിക വസ്തുക്കൾക്ക് സ്ഥാനമില്ല എന്നാണ് മെത്രാന്റെ വാക്കുകളുടെ സൂചന. ദൈവത്തിന്റെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. ഒന്നും കാത്തു സൂക്ഷിക്കേണ്ടതില്ല.

പൂട്ടാത്ത വാതിൽ മെത്രാന്റെ തുറന്ന മനസ്സു തന്നെയാണ്.ഒരിക്കൽ കുറ്റം ചെയ്തവനെ എന്നും കുറ്റവാളിയായി മാറ്റി നിർത്താതെ, സന്മാർഗ ഉപദേശത്തിലൂടെ ചേർത്തുനിർത്തുന്ന മഹത് കർമമാണ് മെത്രാൻ ചെയ്തത്. സ്നേഹവും കാരുണ്യവുമാണ് ജീവിതത്തെ സുന്ദരമാക്കുന്നത്. മാനവികതയും സാഹോദര്യവുമില്ലാത്ത അധികാരത്തിന്റെ അടയാളമാണ് സ്വകാര്യസ്വത്ത് . ജീവിതത്തിന്റെ നേർവഴികളിലൂടെയാണ് എല്ലാവരും സഞ്ചരിക്കേണ്ടത്. വളഞ്ഞ വഴികൾ ഉപേക്ഷിക്കുക എന്നൊരു സന്ദേശവും കൂടി മെത്രാന്റെ വാക്കുകൾ സമൂഹത്തിന് നൽകുന്നു.

***2. പരലോകത്തു വെച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെക്കിട്ടിലലച്ചു. ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾക്ക് എത്ര മാത്രം കഴിയുന്നുണ്ട്? കുറിപ്പ് തയ്യാറാക്കുക.***

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന നോവലിലെ പ്രധാന കഥാപാത്രമാണ് ഴാങ് വാൽ ഴാങ് . പത്തൊൻപത് വർഷത്തെ ജയിൽവാസം കഴിഞ്ഞിറങ്ങിയ അയാൾക്ക് ആരും തന്നെ അഭയം നൽകിയില്ല. ഴാങ്ങിന് സ്നേഹപൂർവം ഭക്ഷണവും കിടക്കാൻ മെത്തയും നൽകി,ഡി പട്ടണത്തിലെ മെത്രാനാണ്

അദ്ദേഹത്തിന് അഭയം നൽകുന്നത്.നീണ്ട ജയിൽവാസം സമ്മാനിച്ച മനസ്സിന്റെ കാഠിന്യം അയാളിൽ ദുഷിച്ച ചിന്തകളുണർത്തി. മെത്രാന്റെ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കാനുള്ള ശ്രമത്തിനിടയിൽ ഴാങിന്റെ ചിന്തയിലേക്ക് വന്ന കാര്യങ്ങളാണ് പ്രസ്തുത ഭാഗം.

നാം ജീവിക്കുന്ന ഐഹിക ലോകത്തിനപ്പുറം ശാശ്വതമായ പരലോകം മുണ്ടെന്ന് സങ്കൽപ്പിക്കപ്പെടുന്നു. അത് നന്മയുടെയും കാരുണ്യത്തിന്റെയും ലോകമാണ്. അവിടെ തന്റെ പ്രവൃത്തികൾ വിചാരണ ചെയ്യപ്പെടുമെന്ന് ഴാങ് വാൽ ഴാങ് ഭയക്കുന്നു. ഈ ലോകത്ത് പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് പിടിക്കപ്പെടുമെന്ന തോന്നൽ തീക്ഷ്ണവും ഭയാനകവുമായി അനുഭവപ്പെടുന്നു.

ലോഹവാദ്യമായ കാഹള ശബ്ദം ഒരേ സമയം സംഗീതാത്മകവും ഉച്ചത്തിലുള്ളതുമാണ്. ഉച്ചസ്ഥായിയിലുള്ള ശബ്ദം ഒരു വിളിച്ചറിയിക്കലാണ്.തിരികുറ്റിയുടെ ശബ്ദം താൻ കുറ്റവാളിയാണെന്ന് ലോകത്തിനു മുമ്പിൽ വിളിച്ചറിയിക്കുന്ന കാഹളശബ്ദമായി ഴാങിന് തോന്നുന്നു. അതേ സമയം നന്മയിലേക്കുള്ള തന്റെ ജീവിത മാറ്റത്തിന്റെ സംഗീതമായും അനുഭവപ്പെടുന്നു. പാല് തന്ന കൈക്കു തന്നെ കടിക്കുന്ന പാമ്പാണോ താൻ എന്ന ചിന്ത ഴാങ് വാൽ ഴാങ്ങിനെ വേട്ടയാടുന്നു. വെള്ളിപ്പാത്രങ്ങ മോഷ്ടിക്കുന്നത് അഭയം നൽകിയവരോടുള്ള വഞ്ചനയും നിന്ദയും അവഗണനയുമാണെന്ന് ഴാങ് ചിന്തിക്കുന്നു. കഥാപാത്രത്തിന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ പ്രയോഗങ്ങൾ ഏറെ പര്യാപ്തമാണ്.

*3. ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥ മാത്രമല്ല, തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറിയുന്നതപ്പോഴാണ്. നന്മയുടെ വെളിച്ചം ഴാങ്ങിലേക്ക് കടക്കുന്ന ആ ഒരൊറ്റ നിമിഷം മതി വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരനു അമരത്വം ലഭിക്കാൻ. എന്റെ എഴുത്തിലും സ്വഭാവഘടനയിലും ചിന്തയിലും സ്വാധീനം ചെലുത്തിയ പുസ്തകമാണ് പാവങ്ങൾ .(ഇ.ഹരികുമാർ - നന്മയുടെ കാലം അസ്തമിച്ചിട്ടില്ല).*

*ലോകമെമ്പാടുമുള്ള എഴുത്തുകാർക്കും വായനക്കാർക്കും എന്നും പ്രചോദനം നൽകുന്ന മഹത്തായ കലാസൃഷ്ടിയാണ്"പാവങ്ങൾ ". പ്രശസ്ത കഥാകൃത്ത് ഇ.ഹരികുമാരിന്റെ നിരീക്ഷണവും നിങ്ങളുടെ വായനാനുഭവവും പരിഗണിച്ച്'പാവങ്ങൾ ലോകസാഹിത്യത്തിലെ നിത്യവിസ്മയം'എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.*

## പാവങ്ങൾ ലോകസാഹിത്യത്തിലെ നിത്യവിസ്മയം

പാശ്ചാത്യ മഹാഭാരതം എന്നറിയപ്പെടുന്ന വിക്ടർ ഹ്യൂഗോയുടെ "ലാ മിറാബലെ" എന്ന കൃതി "പാവങ്ങൾ "എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് നാലപ്പാട്ട് നാരായണമേനോനാണ്. കേരളത്തിലെ സാഹിത്യ സാമൂഹിക രംഗങ്ങളിൽ ബാഹ്യവും ആന്തരികവുമായ മാറ്റങ്ങൾക്ക് ഈ നോവൽ കാരണമായിട്ടുണ്ട്. കൃതികൾ കലാതീതവും കാവ്യവിസ്മയവുമായി തീരുന്നതിന്റെ ഉത്തമ ഉദാഹരണമാണ് 'പാവങ്ങൾ' എന്ന നോവൽ.

ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥ മാത്രമല്ല തെറ്റുകുറ്റങ്ങൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറിയുന്നത് മെത്രാന്റെ പ്രവൃത്തിയിലൂടെയാണ്. നന്മയുടെ വെളിച്ചം ഴാങ്ങിലേക്ക് കടക്കുന്ന ആ ഒരൊറ്റ മുഹൂർത്തം മതി വിക്ടർ ഹ്യൂഗോയ്ക്ക് അമരത്വം ലഭിക്കാൻ എന്നാണ് എഴുത്തുകാരനായ ഇ .ഹരികുമാർ അഭിപ്രായപ്പെടുന്നത്.അദ്ദേഹത്തിന്റെ എഴുത്തിലും സ്വഭാവ ഘടനയിലും ചിന്തയിലും സ്വാധീനം ചെലുത്തിയ പുസ്തമാണ് പാവങ്ങൾ എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കുറ്റവാളിയുടെ കുറ്റം പൊരുത്തു കൊടുക്കുന്നതാണ് അവന്റെ മനസ്സ് മാറ്റാനുള്ള ഉചിതമായ മാർഗമെന്ന സന്ദേശമാണ് മെത്രാൻ കൈമാറുന്നത്. ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നു പോകരുത് എന്ന

മെത്രാന്റെ വാക്കുകൾ സമൂഹത്തോടുള്ള വാക്കുകൾ തന്നെയാണ്. തിന്മയ്ക്ക് ഴാങ് വാൽ ഴാങ്ങിനു മേൽ ഇനി അവകാശമില്ലെന്നും തന്നിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നവർ ഉണ്ടെങ്കിൽ ഒരാൾ തിന്മയിലേക്ക് തിരിച്ചു നടക്കുയില്ലെന്നുമുള്ള മെത്രാന്റെ കാഴ്ചപ്പാട് എല്ലാവർക്കും വേണ്ടിയുള്ളതാണ് - അതു കൊണ്ട് തന്നെ എല്ലാവർക്കും വേണ്ടി ,എല്ലാ കാലത്തേക്കും വേണ്ടി എഴുതപ്പെട്ട പുസ്തകമായി പാവങ്ങൾ മാറുന്നു. മനുഷ്യന്റെ മഹാസങ്കടങ്ങൾക്ക് ഒരു സാർവലൗകിക സ്വഭാവമുണ്ട്. കാലാതീതമായി നിറഞ്ഞു നിൽക്കുന്ന മനുഷ്യാനുഭവങ്ങളാണ് 'പാവങ്ങൾ' എന്ന നോവൽ പ്രപഞ്ചത്തിലുള്ളത്. മെത്രാന്റെ മാനുഷിക മഹത്വത്തിന്റെ ഔന്നത്യത്തിലേക്ക് ഴാങ് വാൽ ഴാങ് ഉയരുന്നത് കണ്ട് വായനക്കാരും വിമലീകരിക്കപ്പെടുന്നു. (ശുദ്ധീകരിക്കപ്പെടുന്നു). കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മറ്റൊരവസ്ഥയാണ് പാവങ്ങളിലൂടെ വിക്ടർ ഹ്യൂഗോ സൃഷ്ടിച്ചെടുത്തത്.അതിലൂടെ പാവങ്ങൾ 'ലോകസാഹിത്യത്തിലെ നിത്യവിസ്മയമായി' മാറുന്നു.

## *4. മഹത്തായ കൃതികൾ കാലദേശങ്ങളെ അതിജീവിക്കുന്നു.*

പ്രാചീന കവിത്രയത്തിൽ ശ്രദ്ധേയനാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ച അദ്ദേഹത്തിന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് മാനവസമൂഹത്തിനുള്ള തത്വ പ്രബോധനങ്ങളാണ്.ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗത്ത്, ശ്രീരാമ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ ലക്ഷ്മണൻ അത്യധികം കുപിതനായി എത്തുന്നു. അതീവ കോപാകുലനായ ലക്ഷ്മണനെ ആശ്വസിപ്പിക്കുകയാണ് ശ്രീരാമൻ.ജീവിതത്തിന്റെ നശ്വരത, ദേഹം നിമിത്തമുള്ള അഹങ്കാരത്തിന്റെ വ്യർത്ഥത എന്നിവയെല്ലാം ചൂണ്ടിക്കാട്ടി ക്രോധം കൊണ്ടുള്ള അനർത്ഥങ്ങൾ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നു.വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എടുത്ത് പറഞ്ഞ എഴുത്തച്ഛന്റെ വാക്കുകൾ മാനവകുലത്തിനുള്ള തത്വ പ്രബോധനം തന്നെയാകുന്നു.

മഹാകവി കാളിദാസന്റെ മഹത്തായ കൃതികളിൽ ഒന്നാണ് അഭിജ്ഞാനശാകുന്തളം നാടകം. ഭാരതീയ നാടകങ്ങളിൽ അദ്വിതീയമാണീ കൃതി.കാവ്യഗുണം കൊണ്ടും നാടകീയത കൊണ്ടും ശ്രദ്ധേയമായ 'ഋഷ്യയോഗം' വിരഹത്തിനു ശേഷമുള്ള ഒത്തുചേരൽ വർണിക്കുന്ന ഭാഗമാണ്. ദുഷ് ഷ്യന്തന് ശകുന്തളയോടുള്ള സ്നേഹം അവരുടെ വിരഹവും അവസാനത്തിലുള്ള ഒത്തുചേരൽ എന്നിവയെല്ലാം വിളക്കിചേർത്ത മനുഷ്യ ജീവിതാവസ്ഥകൾ കാലാതീതമായി അവതരിപ്പിക്കാൻ കാളിദാസന് കഴിയുന്നു.

ഫ്രഞ്ച് നോവലിസ്റ്റ് വിക്ടർ ഹ്യൂഗോയുടെ"ലാ മിറാബലെ" എന്ന കൃതി 'പാവങ്ങൾ' എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് നാലപ്പാട്ട് നാരായണ മേനോൻ ആണ്.മലയാളനോവൽ സാഹിത്യത്തേയും എഴുത്തുകാരേയും ആഴത്തിൽ സ്വാധീനിക്കാൻ ഈ കൃതിക്ക് കഴിഞ്ഞു.ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമ വ്യവസ്ഥ മാത്രമല്ല തെറ്റുകൾക്ക് മാപ്പുനൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥ കൂട്ടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറിയുന്നത് മെത്രാന്റെ മാനവികത നിറഞ്ഞ പ്രവൃത്തിയിലൂടെയാണ്.പാപികളോട് പൊറുക്കുക എന്നത് മാനവികതയുടെ പരകോടിയാണ്. സ്നേഹവും കാരുണ്യവുമാണ് ജീവിതത്തെ സുന്ദരമാക്കുന്നത്. കാലദേശാതീതമായ സ്നേഹദർശനമാണ് വിക്ടർ ഹ്യൂഗോ അവതരിപ്പിക്കുന്നത് .

സാഹിത്യ കൃതികളിലെ വികാരാവിഷ്ക്കാരത്തിന് സാർവലൗകിക സ്വഭാവമുണ്ട്. മഹത്തായ സാഹിത്യം കാലദേശങ്ങളെ അതിജീവിക്കുന്നു. എഴുത്തച്ഛന്റെയും കാളിദാസന്റെയും വിക്ടർ ഹ്യൂഗോയുടെയും കൃതികൾ ഇതിന് നിദർശനങ്ങളാണ്.

## *5. മോൺസിന്യേർ - മാനവികതയുടെ മഹനീയ രൂപം - കഥാപാത്രനിരൂപണം.*

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ 'എന്ന നോവലിലെ മാനവികതയുടെ മഹനീയ രൂപമായി പ്രത്യക്ഷപ്പെടുന്ന കഥാപാത്രമാണ് മെത്രാൻ .('മോൺസിന്യേർ - ബിയാങ് വെന്യൂ )പത്തൊൻപത് വർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞ് മോചിതനായ ഴാങ് വാൽ ഴാങിന് ആരും അഭയം കൊടുത്തില്ല.ഒടുവിൽ വിശപ്പും ദാഹവും കൊണ്ട് തളർന്ന അയാൾക്ക് കരുണയുടെ ആൾരൂപമായ മെത്രാൻ അഭയം നൽകുന്നു.

അന്ന് രാത്രി തന്നെ തന്റെ ഭവനത്തിലെ വെള്ളി സാമാനങ്ങൾ മോഷ്ടിച്ച് പോയി എന്നറിഞ്ഞിട്ടും മെത്രാന് യാതൊരു പ്രയാസമുണ്ടായില്ല. ഞാൻ ആ വെള്ളി സാമാനങ്ങൾ സൂക്ഷിച്ച് പോന്നത് ഒരിക്കലും ശരിയായിട്ടില്ല. അതു പാവങ്ങളുടേയാണ് എന്ന ചിന്താഗതിയാണ് അദ്ദേഹം വെച്ച് പുലർത്തുന്നത്.

തൊണ്ടിമുതലുമായി പൊലീസുകാർ ഴാങ്ങിനെ മെത്രാന്റെ മുമ്പിൽ ഹജരാക്കിയപ്പോൾ വെള്ളി സാമാനങ്ങൾ താൻ അയാൾക്ക് സമ്മാനിച്ചതാണ് എന്നാണ് മെത്രാൻ പറയുന്നത്. സ്നേഹവും കാരുണ്യവുമാണ് ജീവിതത്തെ സുന്ദരമാക്കുന്നത് എന്നും മാനവികതയും സാഹോദര്യവുമില്ലാത്ത അധികാരത്തിന്റെ അടയാളമാണ് സ്വകാര്യ സ്വത്ത് എന്ന വിശാലമായ ദർശനവുമാണ് ഇതിലൂടെ മെത്രാൻ പകർന്ന് നൽകുന്നത്. മെത്രാന്റെ സഹോദര സ്നേഹമാണ് ഴാങ്ങിന് പോലീസുകാരിൽ നിന്നു മോചനം ലഭിക്കാൻ സഹായകമാവുന്നത്. മാത്രമല്ല പോകും മുമ്പ് രണ്ടു വെള്ളിവിളക്കുകാലുകൾ എടുത്ത് ഴാങ് വാൽ ഴാങ്ങിന് കൊടുക്കുകയും ചെയ്യുന്നു.

ഴാങ്ങിനെ യാത്രയാക്കുമ്പോൾ, എന്റെ സ്നേഹിതാ ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കം നീക്കിയിരിക്കുന്നു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല എന്നും മെത്രാൻ പറയുന്നു.

ഒരിക്കലും പൂട്ടാത്ത വാതിൽ സാമൂഹ്യ നന്മയുടെ ഉറച്ച വാക്കുകളാണ്. മെത്രാന്റെ തുറന്ന മനസ്സിന്റെ പ്രതീകമായി മാറുകയാണ് പൂട്ടാത്ത വാതിൽ. 'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നു പോകരുത്-' എന്ന മെത്രാന്റെ വാക്കുകൾ, മനുഷ്യ മനസ്സിനെ മാറ്റിയെടുക്കാൻ നിമിഷങ്ങൾ കൊണ്ട് കഴിയുമെന്നും തന്നിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നവർ ഉണ്ടെങ്കിൽ ഒരാൾ തിന്മയിലേക്ക് തിരിച്ച് നടക്കുകയില്ലെന്നും ഉറക്കെ വിളിച്ച് പറയുന്നുണ്ട് . ഇരുട്ടിൽ തകർന്നു പോകുമായിരുന്ന ഴാങ്ങിന് ജീവിതയാത്രയിൽ മെഴുകുതിരിയുടെ വെള്ളിവെളിച്ചമായ് മാറിയ മെത്രാൻ ആസ്വാദക മനസ്സിൽ ഇതിഹാസ ഗരിമയോടെ പരിലസിക്കുന്നു.

### അനുപ്രയോഗം

- ഴാങ് വാൽ ഴാങ്ങിന്റെ കണ്ണു രണ്ടും *മിഴിഞ്ഞു* ***പോയി***
- ഴാങ് വാൽ ഴാങ് മെത്രാന്റെ ഭവനത്തിലേക്ക് ***പോയി***

ഒരു പ്രധാനക്രിയയുടെ അർഥത്തിൽ എന്തെങ്കിലും പരിഷ്കാരം / വിശേഷണം വരുത്തുന്നതിന് തൊട്ടുപിന്നാലെ ( ക്രിയയ്ക്ക് ശേഷം ) ചേർക്കുന്ന അപ്രധാനക്രിയയെ ***അനുപ്രയോഗം*** എന്ന് പറയും.

***ഇങ്ങനെ ചേർക്കുന്ന അപ്രധാന ക്രിയയ്ക്ക്, ക്രിയയുടെ കേവല അർഥമുണ്ടാവില്ല എന്ന് ശ്രദ്ധിക്കുക.***

തന്നിരിക്കുന്ന വാക്യത്തിൽ *മിഴിഞ്ഞു പോയി* - എന്നതിൽ '*പോയി*'എന്ന പദം '*പോവുക*'എന്ന ക്രിയയുടെ അർഥത്തിലല്ല പ്രയോഗിച്ചത്. മിഴിഞ്ഞു എന്ന ക്രിയ സംഭവിച്ചത് കർത്താവിന്റെ ***ഇച്ഛാനുസരണമല്ല എന്ന അർത്ഥം നൽകുന്നു.***

- ***ആദ്യ വാക്യത്തിലെ 'പോയി' അനുപ്രയോഗമാണ്.***
- ***രണ്ടാം വാക്യത്തിലെ 'പോയി' കേവല ക്രിയയാണ്.***